LIBRARY ARCHIVES Kerala Legislative Assembly

സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. റെഗുലർ ബാച്ചിൽ 180, വാരാന്ത്യ കോഴ്സിൽ 60, ബിരുദത്തിനു പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള കോഴ്സ് - 60, പ്ലസ് ടു വിദ്യാർഥികൾക്കുള്ള ഫൗണ്ടേഷൻ കോഴ്സ് -60, ഹൈസ്കൂൾ വിദ്യാർത്ഥികൾക്കുള്ള ടാലന്റ് ഡെവലപ്മെന്റ് കോഴ്സ്-60 എന്നിങ്ങനെയാണ് ആകെ വിദ്യാർത്ഥികളുടെ എണ്ണം. വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. സ.ഉ. (സാധാ)നമ്പർ 121/ 2021/ഉ.വി.വ 22-1-2021 പ്രകാരം പാലക്കാട് സബ് സെന്ററിൽ നിലവിലുള്ള പഠന സൗകര്യം മെച്ചപ്പെടുത്തുന്നതിന് കെട്ടിട സൗകര്യം വിപുലീകരിക്കാൻ 77,00,000 രൂപ(എഴുപത്തിഏഴു ലക്ഷം രൂപ മാത്രം)യുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

സാമൂഹ്യ സുരക്ഷാ പെൻഷനുകൾ

192(1177) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ചുവടെ ചേർക്കുന്നു:

1. വാർദ്ധക്യകാല പെൻഷൻ

2. വികലാംഗ പെൻഷൻ

3. വിധവാ പെൻഷൻ

4. 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ

5. കർഷകത്തൊഴിലാളി പെൻഷൻ

(ബി) പ്രസ്തുത പെൻഷനുകൾ ഓരോന്നും അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ ഏന്തൊക്കെയാണ്; ഓരോ പെൻഷനും ഇനം തിരിച്ച് വിശദാംശം നൽകാമോ?

അനുബന്ധമായി ചേർക്കുന്നു *.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.